പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1799 12.06.2019-ലെ മറുപടിക്ക്

## ഹർത്താലിൽ ഉണ്ടായ നഷ്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എം. കെ. മുനീർ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2019 ജനുവരിയിൽ നടന്ന ഹർത്താലിൽ ഉണ്ടായ അക്രമത്തിൽ കെ.എസ്.ആർ.ടി.സി. ക്ക് ഉണ്ടായ നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ കത്തുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | 03.01.2019-ലെ ഹർത്താലിനോടനു ബന്ധിച്ച് കെ.എസ്.ആർ.ടി.സിയുടെ 99 ബസുകൾക്ക് കല്ലേറിലും മറ്റുമായി നാശ നഷ്ടങ്ങൾ ഉണ്ടാകുകയും ഈയിനത്തിൽ 3.35 കോടി രൂപയുടെ നഷ്ടം കോർപ്പറേഷന് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ടി അക്രമ സംഭവവുമായി ബന്ധപ്പെട്ട് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന ചീഫ് സെക്രട്ടറി, ഹൈക്കോടതി രജിസ്ട്രാർ എന്നിവരെ അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൻമേൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും 25/01/19 തീയതിയായി കത്ത് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ നടപടികൾ ഓരോന്നും ഏതൊക്കെ തീയതികളിലാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ബി) | 16.01.2019 തീയതിയായി ബന്ധപ്പെട്ട അധികാരികൾക്ക് കത്ത് നൽകിയിട്ടുള്ളതും ആയതിൽ നടപടി സ്വീകരിച്ച് പോലീസ് മേധാവി 25/01/19 തീയതിയായി മറുപടി അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ